# കണിക്കൊന്ന

## സർട്ടിഫിക്കറ്റ് കോഴ്സ്




കേരള സർക്കാർ

Printed and published by
Director, Malayalam Mission
Department of Cultural Affairs, Government of Kerala
Printed at KBPS, Kochi




# കണിക്കൊന്ന

## സർട്ടിഫിക്കറ്റ് കോഴ്സ്

## ഭാഗം 4

സാംസ്കാരികകാര്യ വകുപ്പ്
കേരള സർക്കാർ
2020










**കണിക്കൊന്ന**

പ്രവാസിമലയാളികൾക്കുള്ള
സർട്ടിഫിക്കറ്റ് കോഴ്സ് പാഠപുസ്തകം (ഭാഗം 4)

**മലയാളം**

| | | |
|---|---|---|
| നവംബർ 2020 | : | ആദ്യപ്രസിദ്ധീകരണം (പരിഷ്കരിച്ചത്) |
| തയാറാക്കിയത് | : | മലയാളം മിഷൻ റിസോഴ്സ് ഗ്രൂപ്പ് |
| ലേ-ഔട്ട് | : | അജയ്‌ലാൽ പി.പി. |
| ഇലസ്ട്രേഷൻ | : | വെങ്കിടാചലം |
| അച്ചടി | : | കേരളാ ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി, കാക്കനാട്, കൊച്ചി |

കോപ്പി - 5000 (സൗജന്യ വിതരണത്തിന്)



©
മലയാളം മിഷൻ
സാംസ്കാരികകാര്യ വകുപ്പ്, കേരള സർക്കാർ

# ഇതളുകൾ


1

പിറന്നാൾ സമ്മാനം .... 4







2

നമ്മെ നയിച്ചവർ .... 32

3

ദൂരം താണ്ടാം .... 46







4

കഥപറയുന്ന വസ്ത്രങ്ങൾ .... 68



## ഇതൾ 1

# പിറന്നാൾ സമ്മാനം

ഇന്ന് സിനിമോളുടെ പിറന്നാളാണ്. അവധി ദിവസമായത് കൊണ്ട് ആഘോഷം കേമമാക്കണം. ബന്ധുക്കളെയും സുഹൃത്തുക്കളെയും ഫോൺ വിളിച്ച് അറിയിച്ചിട്ടുണ്ട്. ഒരുപാട് പേർ വരും.

ബലൂണുകളും വർണ റിബണുകളും കൊണ്ട് വീട് അലങ്കരിച്ചു.



ചേട്ടനും കൂട്ടുകാരുമാണ് അലങ്കാരപ്പണി ചെയ്യുന്നത്. അമ്മ സമ്മാനിച്ച പുത്തനുടുപ്പുമിട്ട് സിനി എല്ലായിടത്തും ഓടിനടന്നു.

ഭക്ഷണത്തിന്റെ ചുമതല അച്ഛനാണ് ഏറ്റെടുത്തിരിക്കുന്നത്. അതിഥികൾ ഓരോരുത്തരായി വരാൻ തുടങ്ങി.



പിറന്നാളാഘോഷം കഴിഞ്ഞു. അതിഥികളെല്ലാം പോയി. സിനി സമ്മാനപ്പൊതികൾ കെട്ടഴിക്കാൻ തുടങ്ങി.

ഉടുപ്പുകൾ, കളിപ്പാട്ടങ്ങൾ, പുസ്തകങ്ങൾ.... കൂട്ടത്തിൽ മനോഹരമായ ഒരു കൊച്ചുപെട്ടി. പെട്ടി തുറന്ന് അവൾ സമ്മാനം പുറത്തെടുത്തു.





ഹായ്! മൊബൈൽ ഫോൺ. അമ്മാവനാണ് ഈ സമ്മാനം അയച്ചത്.

“ഹാവൂ... ഇനി സിനിമോൾക്ക് മറ്റാരുടെയും ഫോൺ വേണ്ടല്ലോ. സന്തോഷമായില്ലേ?” – മുത്തശ്ശി അവളുടെ മൂർദ്ധാവിൽ തലോടി.



"ഹലോ... അമ്മാവനല്ലേ? ഞാൻ സിനിയാണ്"

"ഹായ് സിനിമോളൂ. എന്താ വിശേഷം?"

"ഞാൻ വിളിക്കുന്നത് അമ്മാവൻ കൊടുത്തയച്ച ഫോണിൽനിന്നാണ്."

സിനിമോൾക്ക് ഫോൺ ഇഷ്ടമായോ?"

"ഒരുപാട് ഇഷ്ടമായി അമ്മാവാ"





"പിന്നെ ഒരു കാര്യം ഫോൺ സൂക്ഷിച്ച് ഉപയോഗിക്കണം. ട്ടോ.."

"അമ്മയാണ് ഫോൺ സൂക്ഷിക്കുന്നത്. ഓൺലൈൻ ക്ലാസാകുമ്പോഴും എന്നെ അമ്മാവനും മറ്റും വിളിക്കുമ്പോഴും എടുത്തു തരും."

"ശരി. എന്നാൽ പിന്നെ വിളിക്കാം മോളേ"

"മൊബൈൽ ഫോൺ സൂക്ഷിച്ചുപയോഗിക്കണം ട്ടോ."
അമ്മാവൻ പറഞ്ഞത് ശ്രദ്ധിച്ചില്ലേ?"
എന്തൊക്കെ കാര്യങ്ങളാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്?





## പണ്ടത്തെ തപാൽക്കാരൻ

"അച്ഛാ... അഞ്ചലോട്ടക്കാരൻ എന്നുപറഞ്ഞാൽ ആരാണ്?" – സിനി സംശയവുമായി അച്ഛന്റെ മുന്നിലെത്തി.

"പണ്ടുകാലത്ത് കത്തുകളിലൂടെയാണ് ദൂരെയുള്ളവരെ വിവരങ്ങൾ അറിയിച്ചിരുന്നത്. പെട്ടെന്ന് അറിയിക്കേണ്ടവ കമ്പിയടിച്ച് അറിയിക്കും. ഇതിന് ടെലഗ്രാം എന്നും പറയും. ഇങ്ങനെ കത്തും കമ്പി സന്ദേശവുമൊക്കെ എത്തിച്ചു കൊടുക്കുന്ന ആളാണ് അഞ്ചലോട്ടക്കാരൻ. മണിയും കിലുക്കിക്കൊണ്ട് ഓടിവരുന്ന അഞ്ചലോട്ടക്കാരന് ഒരു തടസ്സവുമുണ്ടാക്കരുതെന്നാണ് നിയമം."


"ഇനി മോളുപോയി വായിച്ചോളൂ. അച്ഛന് നാളെ റേഡിയോവിൽ ഒരു പ്രഭാഷണം നടത്താനുണ്ട്. അത് തയാറാക്കണം."

"ശരി അച്ഛാ."

## പാടി രസിക്കാം

ഓരോ ദിനത്തിലും വാർത്തകളെമ്പാടും
പൂമുഖത്തെത്തിക്കും കൂട്ടുകാരൻ.
ചിത്രങ്ങൾ, വാർത്തകൾ കമ്പോളകാര്യങ്ങൾ
പത്രങ്ങൾ നമ്മൾക്ക് മിത്രമെന്നും

മൂലയ്ക്കിരിക്കുന്ന പെട്ടിയാണിന്നത്തെ
ജീവിതം തന്നെയെന്നോർമയുണ്ടോ
കാണുന്നു കേൾക്കുന്നു ചങ്ങാതിയാകുന്നു
ടി.വി. യാണിന്നത്തെ മുഖ്യതോഴൻ.





## പത്രത്തിൽ എന്തെല്ലാം?

- ചിത്രങ്ങൾ
- ..............................................
- ..............................................
- ..............................................
- ..............................................

**നിങ്ങൾക്കിഷ്ടപ്പെട്ട ടെലിവിഷൻ പരിപാടിയെക്കുറിച്ച് പറയൂ. എഴുതൂ.**

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

ഇന്ന് ദൂരെയുള്ളവരുമായി ആശയവിനിമയം നടത്തുന്നതിന് നിരവധി മാർഗങ്ങളുണ്ട്. അവയിലൊന്നാണ് ഫോൺ. മറ്റെന്തെല്ലാം സാധ്യതകളാണ് ഉള്ളത് ?




- ..........................................



- ..........................................




- ..........................................



- ..........................................

## എനിക്ക് കഴിയും

ടെലിവിഷന്റെ പ്രത്യേകതകൾ ഉൾപ്പെടുത്തി
ഒരു വിവരണം തയാറാക്കൂ.

.............................................................................................

.............................................................................................

.............................................................................................

.............................................................................................

.............................................................................................

.............................................................................................

.............................................................................................

.............................................................................................

.............................................................................................



വാർത്താവിനിമയ ഉപകരണങ്ങളുമായി
ബന്ധപ്പെട്ട കടങ്കഥകൾ ശേഖരിക്കൂ. എഴുതൂ

- ചെവി തിരിച്ചാൽ പാട്ടുപാടും (റേഡിയോ)
- .............................................................................................
  .............................................................................................
- .............................................................................................
  .............................................................................................
- .............................................................................................
  .............................................................................................
- .............................................................................................
  .............................................................................................

കിലുകിലുക്കം കിലുകിലുക്കം
കിങ്ങിണിച്ചെപ്പിലൊളിച്ചിരിക്കും

ടെലിഫോണിനുള്ളിലുണ്ടൊരു
കൂട്ടുകാരി കളിക്കൂട്ടുകാരി (2)

കറുകറെ കറുത്തിരിക്കും
വെളുവെളെ ചിരിക്കും
കിണി കിണി കിണി മണിയടിക്കും
മനസ്സിലിക്കിളി കൂട്ടും, ഇക്കിളികൂട്ടും

*(കിലുകിലുക്കം...)*

ഹലോ, ഹലോ വിളിക്കും
അകലെയോടിയൊളിക്കും
കാതിൽവന്ന് കഥ പറയും
കാൽച്ചിലമ്പൊലി കേൾക്കും
ചിലമ്പൊലി കേൾക്കും

*(കിലുകിലുക്കം...)*

ഗാനരചന : **വയലാർ രാമവർമ്മ**
ചിത്രം : **സ്കൂൾ മാസ്റ്റർ**











## കമ്പ്യൂട്ടർ... കമ്പ്യൂട്ടർ...

ഇന്ന് കംമ്പ്യൂട്ടർ കാണാത്തവരും ഉപയോഗിക്കാത്തവരും വളരെ ചുരുക്കമായിരിക്കും. നമ്മുടെ നിത്യജീവിതത്തിൽ കമ്പ്യൂട്ടറിന്റെ സേവനം ആവശ്യമില്ലാത്തവർ ആരുംതന്നെയുണ്ടാവില്ല. ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, കാലാവസ്ഥ തുടങ്ങി എല്ലാ മേഖലകളിലും ഇന്ന് കമ്പ്യൂട്ടർ പ്രയോജനപ്പെടുത്തുന്നു. മടക്കിച്ചുരുട്ടി പോക്കറ്റിൽ തിരുകാവുന്ന അത്രയും ചെറുതായി കഴിഞ്ഞു ഇന്നത്തെ കമ്പ്യൂട്ടർ.

എന്തെല്ലാം മാറ്റങ്ങൾ ഇനിയും വരാനുണ്ടാവും അല്ലേ.





ചാൾസ് ബാബേജ് കണ്ടുപിടിച്ച
ആദ്യകാല കമ്പ്യൂട്ടർ






## ചർച്ച ചെയ്യാം

എന്തെല്ലാം മാറ്റങ്ങളാണ് കമ്പ്യൂട്ടർ രംഗത്ത് വന്നിട്ടുള്ളത്?












## വായിച്ചു രസിക്കാം


### ചുവന്ന പൂവ് (ചിത്രകഥ)



സൂര്യൻ : കുഞ്ഞഴകേ കൂട്ടുകാരീ.
എന്തേ വിടരാൻ മടി


പൂവ് : അയ്യോ വയ്യെന്റെ കൂട്ടുകാരാ.
കണ്ടില്ലേ എന്റെ തൊണ്ടയിൽ ഒരു പുഴു






സൂര്യൻ : പൂവിന്റെ സങ്കടം കാണാൻ വയ്യ.
ഞാൻ മേഘങ്ങൾക്ക് പിറകിൽ ഒളിക്കട്ടെ.

പൂങ്കോഴി: സൂര്യനെ കാണാനില്ല.
ഞാനെങ്ങനെ കൂവും




പൂച്ച : എന്തേ കൂട്ടുകാരാ നീയിന്ന് കൂവുന്നില്ലേ?

പൂങ്കോഴി: സൂര്യന്റെ തോഴിയായ ചുവന്ന പൂവിന്റെ തൊണ്ടയിൽ ഒരു പുഴു. സൂര്യൻ ഉദിക്കുന്നില്ല.




തവള : അതിനെല്ലാവരും ദുഃഖിച്ചിരുന്നിട്ടെന്ത് കാര്യം? എന്തെങ്കിലും ചെയ്യൂ.



പൂച്ച : ഞങ്ങൾക്കെന്ത് ചെയ്യാനാവും

തവള : ഈ പൂവൻ വിചാരിച്ചാൽ ആ പുഴുവിനെ
പുറത്തെടുത്തു കൂടേ?





കോഴി : ഞാനത് ആലോചിച്ചില്ല.
പക്ഷെ എനിക്ക് അങ്ങോട്ട് എത്തില്ലല്ലോ.


പൂച്ച : അതിനെന്താ എന്റെ പുറത്തു കയറിക്കോളൂ.



പൂവ് : ഹായ് എന്തൊരാശ്വാസം

എല്ലാവരും : സുന്ദരിപ്പൂവ് ചിരിച്ചല്ലോ.
സൂര്യനുദിച്ചു തെളിഞ്ഞല്ലോ





തവള : തലയ്ക്ക് കൈയും കൊടുത്തു കാത്തിരുന്നാൽ പ്രശ്നം തീരില്ല. ബുദ്ധിപൂർവ്വം പ്രവർത്തിക്കുക. എന്നാലേ ഈ ലോകം സുന്ദരമാവൂ.

എല്ലാവരും : ശരിയാ... ശരിയാ...

## എല്ലാവരും കൂടി...


കാര്യങ്ങളെങ്ങാനും മോശമായാൽ
കുത്തിയിരുന്നു കരഞ്ഞിട്ടെന്താ?

കാര്യങ്ങൾ നേർവഴിക്കാക്കിടാനായ്
ഒത്തൊരുമിച്ചു ശ്രമിച്ചിടാം നാം

ഒത്തു നാമൊന്നു ശ്രമിച്ചിടുമ്പോൾ
ഒക്കാത്ത കാര്യങ്ങളൊന്നുമില്ല.

കാര്യങ്ങളൊക്കെയും ഒത്തുവന്നാൽ
ഉല്ലസിക്കാൻ നമുക്കെന്തുവേണം.

ആശയം: **സഫ്ദർ ഹശ്മി**
**(ചുവന്ന പൂവ്)**





### ചിത്രകഥ ഇഷ്ടമായില്ലേ?

**ഇത് ഒരു കഥയാക്കിയോ നാടകമാക്കിയോ മാറ്റി എഴുതൂ. നാടകവും കഥയും മലയാളം മിഷൻ റേഡിയോ ക്ലബ്ബ്, സാഹിത്യ സമാജം, പൂക്കാലം മാഗസിൻ എന്നീ മാർഗങ്ങൾ പ്രയോജനപ്പെടുത്തി പ്രസിദ്ധീകരിക്കൂ.**

..........................................

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

ഇതൾ 2

## നമ്മെ നയിച്ചവർ






വീട്ടിൽ ദൈവപ്രീതിക്കായി പൂജ നടക്കുകയാണ്. വിഗ്രഹത്തിനു മുന്നിൽ പാലും പഴവും പലഹാരങ്ങളും ഒരുക്കി വെച്ചിട്ടുണ്ട്.



അതാ അകത്തുനിന്നും പൂജാമുറിയിലേക്ക് ഒരു ബാലൻ ഇറങ്ങി വരുന്നു. കൗതുകത്തോടെ ചുറ്റും നോക്കുന്നു. പഴവും പലഹാരങ്ങളും വെച്ച തളികയിൽ അവന്റെ കുഞ്ഞിക്കണ്ണുകൾ പതിഞ്ഞു.

പിന്നെ ഒട്ടും താമസിച്ചില്ല. ഓടിച്ചെന്ന് പഴവും പലഹാരങ്ങളും എടുത്ത് കഴിക്കാൻ തുടങ്ങി.

കണ്ടുനിന്ന പൂജാരിക്കും വീട്ടുകാർക്കും ദേഷ്യം വന്നു. അച്ഛൻ കോപം കൊണ്ടു വിറച്ചു.





"നാണൂ, എന്തു കുരുത്തക്കേടാ നീ കാട്ടിയത്? ദൈവകോപത്തിന് ഇത് മതിയല്ലോ."

"ഞാൻ വയറുനിറഞ്ഞ് സന്തോഷിക്കുന്നത് കാണുമ്പോൾ ദൈവത്തിനും സന്തോഷമാവില്ലേ അച്ഛാ" - കുസൃതിച്ചിരിയോടെ നാണു ന്യായം പറഞ്ഞു.

പിൽക്കാലത്ത് പ്രസിദ്ധനായിത്തീർന്ന ഈ കുസൃതി ആരാണെന്നറിയാമോ?



സാക്ഷാൽ
**ശ്രീനാരായണ ഗുരു.**

**ചോദ്യങ്ങൾ തയാറാക്കാം**

**ശ്രീനാരായണ ഗുരുവിന്റെ കുട്ടിക്കാലത്ത് നടന്ന സംഭവകഥ വായിച്ചല്ലോ. ഈ സംഭവത്തെ അടിസ്ഥാനമാക്കി എന്തൊക്കെ ചോദ്യങ്ങളുണ്ടാക്കാം? എഴുതിനോക്കൂ.**

- ..........................................................................
- ..........................................................................
- ..........................................................................



1925 മാർച്ച് 12

ഗാന്ധിജി ശ്രീനാരായണ ഗുരുവിന്റെ ആശ്രമത്തിലെത്തി. അവർ സംഭാഷണത്തിൽ ഏർപ്പെട്ടു. മനുഷ്യരുടെ ഇടയിലെ ജാതിവ്യത്യാസമായിരുന്നു വിഷയം.



ചർച്ചയ്ക്കിടയിൽ ഗാന്ധിജി പറഞ്ഞു.


“താങ്കൾ ഈ മാവിലേക്കു നോക്കൂ. എല്ലാ ഇലകളും ഒരേ വലിപ്പത്തിലല്ലല്ലോ?”

“അതേയതേ” ഗുരുദേവൻ പറഞ്ഞു.

“ഇതുപോലെയാണ് മനുഷ്യരുടെ കാര്യവും. എല്ലാവരും മനുഷ്യരാണെങ്കിലും അവർക്കിടയിൽ വ്യത്യസ്ത ജാതികൾ ഉണ്ടല്ലോ?” - ഗാന്ധിജി വാദിച്ചു.

“ഇലകൾക്ക് പല വലിപ്പമാണ്. എന്നാൽ മാവിലകൾ ഒന്നു ചവച്ചുനോക്കൂ. ഒരേ സ്വാദായിരിക്കും. അവയിൽ ഒരേ ചാറായിരിക്കും.”

ഇതുകേട്ട് ഗാന്ധിജി തലകുലുക്കി.



### ഗാന്ധിജി

| | | |
|---|---|---|
| മുഴുവൻ പേര് | : | മോഹൻദാസ് കരംചന്ദ് ഗാന്ധി |
| ജനനം | : | 1869 ഒക്ടോബർ 2 |
| മരണം | : | 1948 ജനുവരി 30 |
| അമ്മ | : | പുത്‌ലിബായി |
| അച്ഛൻ | : | കരംചന്ദ് ഗാന്ധി |
| ജന്മസ്ഥലം | : | ഗുജറാത്തിലെ പോർബന്തർ |
| ജീവിത പങ്കാളി | : | കസ്തൂർബാ ഗാന്ധി |
| പ്രശസ്തി | : | ഇന്ത്യയുടെ സ്വാതന്ത്ര്യസമരം നയിച്ചു. സത്യത്തിലും അഹിംസയിലും അടിയുറച്ച ജീവിതം, സത്യഗ്രഹം എന്ന സമരമാർഗം. ഇന്ത്യയുടെ രാഷ്ട്രപിതാവ്. |



**ഗാന്ധിജിയെക്കുറിച്ച് തന്നിട്ടുള്ള വിവരങ്ങളിൽനിന്നും ഒരു കുറിപ്പ് തയാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ.**

..................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................


..........................................................................................

..........................................................................................

..........................................................................................

### എനിക്ക് കഴിയും

'റ്റ' വരുന്ന വാക്കുകൾ എഴുതാമോ?




......................................  ......................................

......................................  ......................................

......................................  ......................................

'കാറ്റ്, മുറ്റം ഇതുപോലെ 'റ്റ' യോടു ചിഹ്നങ്ങൾ ചേരുന്ന വാക്കുകൾ കണ്ടെത്തി എഴുതൂ.

......................................  ......................................

......................................  ......................................

......................................  ......................................



നിങ്ങൾ ജീവിക്കുന്ന പ്രദേശത്തുണ്ടായിരുന്ന ഏതെങ്കിലും ഒരു സാമൂഹ്യ പരിഷ്ക്കർത്താവിന്റെ സ്മാരകം സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ച് ഒരു കുറിപ്പു തയാറാക്കൂ.

..................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

## വായിച്ചു രസിക്കാം

### എല്ലാവരും പള്ളിക്കൂടത്തിലേക്ക്

ചാത്തന് രണ്ടു കുട്ടികളുണ്ട്. പുതിയതായി തുടങ്ങിയ പള്ളിക്കൂടത്തിൽ അവരെയും ചേർക്കണം. ആര്യാപള്ളം ഇടവഴിയിലൂടെ ചാത്തന്റെ കുടിലിലേക്ക് നടന്നു. കുടിലിന്റെ മുറ്റത്ത് കളിച്ചുകൊണ്ടിരുന്ന കുട്ടികളെ ദൂരെ നിന്നേ കണ്ടു. വേലിപ്പടി കടന്ന് മുറ്റത്തെത്തി.

ആശ്ചര്യം! കുട്ടികളെ കാണുന്നില്ല. കുടിലിന് ചുറ്റും നടന്നു നോക്കി കാണാനേയില്ല.







ഇതെന്ത് മറിമായം! അത്ഭുതപ്പെട്ട് ആര്യാപള്ളം കുടിലിലേക്ക് നോക്കി. കുണ്ടൻ കുട കമഴ്ത്തിയ പോലുള്ള കുടിലിനകത്ത് മറ്റൊരു കുണ്ടൻ കുട കമിഴ്ത്തി വെച്ചിരിക്കുന്നു.

ആര്യാപള്ളം കുടിലിനകത്ത് നൂണു കയറി. ചാത്തനും ഭാര്യയും വാപൊത്തി മാറിനിന്നു. ആര്യാപള്ളം കുണ്ടൻ കുട ഉയർത്തി നോക്കി. കീഴെ കൂനിക്കൂടിയിരിക്കുന്നു രണ്ടു കുട്ടികളും.

“മ്പ്രാട്ടി, പെണങ്ങര്ത്. കുട്ട്യോളെ പഠിക്കാൻ വിട്ടാൽ ജന്മിത്തമ്പ്രാൻ പണിക്ക് ചെല്ലണ്ടാന്ന് പറഞ്ഞാലോന്ന് പേടിച്ചിട്ടാ” – ചാത്തൻ പരുങ്ങിക്കൊണ്ട് കേണുപറഞ്ഞു.

“സാരല്യാ” ആര്യാപള്ളം കുട്ടികളുടെ കൈപിടിച്ചു.

അവരുമായി പള്ളിക്കൂടത്തിലേക്ക് നടന്നു.



## ഇതൾ 3

# ദൂരം താണ്ടാം

### ഇട്ടിത്തേയിയുടെ മഞ്ചൽ യാത്ര


*"അക്കരെ വീട്ടിൽ ഒരു ഇട്ടിത്തേയി*
*ഇക്കരെ വീട്ടിൽ ഒരു ഇട്ടിത്തുപ്പൻ"*

ഇട്ടിത്തുപ്പൻ മാമാങ്കം കാണാൻ പോകാൻ തീരുമാനിച്ചു.

"ഇട്ടിത്തേയീ, നീ വരുന്നോ മാമാങ്കം കാണാൻ?"







ഇട്ടിത്തുപ്പന്റെ ചോദ്യം കേട്ട് അവൾ പറഞ്ഞു.

*"ഞാനില്ല ഞാനില്ല തുപ്പനാരേ*
*ചുറ്റിപ്പുറപ്പെടാൻ ചേലയില്ല"*

ഇതുകേട്ടപാടേ ഇട്ടിത്തുപ്പൻ പോയി. മൊഞ്ചുള്ള ഒരു ചേല വാങ്ങി. ഇട്ടിത്തേയിക്ക് കൊടുത്തു.




“ഇനി പോവാം” - ഇട്ടിത്തുപ്പൻ പറഞ്ഞു.

*“ഞാനില്ല ഞാനില്ല തുപ്പനാരേ*
*കെട്ടിപ്പുറപ്പെടാൻ മാലയില്ല”*

ഇട്ടിത്തുപ്പൻ നിരാശയോടെ മടങ്ങി. തട്ടാരുടെ അടുത്തു പോയി സ്വർണമാല വാങ്ങി ഇട്ടിത്തേയിക്ക് നൽകി.





“ഇനി പോകാമല്ലോ. വേഗം പുറപ്പെടൂ” - ഇട്ടിത്തുപ്പൻ പറഞ്ഞു.

*“ഞാനില്ല ഞാനില്ല തുപ്പനാരേ*
*കേറിപ്പുറപ്പെടാൻ മഞ്ചലില്ല”*

ഇട്ടിത്തുപ്പൻ വേഗം പോയി മൂന്ന് മഞ്ചലുകൾ വാങ്ങി. മഞ്ചലുകളുമായി ഇട്ടിത്തേയിയുടെ വീട്ടിലെത്തി.



മുന്നിലെ മഞ്ചലിൽ ഇട്ടിത്തുപ്പൻ, നടുവിലെ മഞ്ചലിൽ ഇട്ടിത്തേയി. ഒടുവിലെ മഞ്ചലിൽ വാല്യക്കാരൻ.

*"ഓഹൊയ്... ഓഹൊയ്..."*

മഞ്ചലുകൾ പുറപ്പെട്ടു.

എന്നിട്ടോ?



ഇട്ടിത്തുപ്പന്റെയും ഇട്ടിത്തേയിയുടെയും കഥ കൂട്ടുകാരുമായി ചേർന്ന് ഒരു നാടകമാക്കി റേഡിയോ മലയാളം ക്ലബ്ബിൽ അവതരിപ്പിക്കൂ.

സംഭാഷണങ്ങൾ എഴുതി തയാറാക്കൂ.

.....................................................................................

.....................................................................................

.....................................................................................

.....................................................................................

.....................................................................................

.....................................................................................

.....................................................................................


.....................................................................................


.....................................................................................

.....................................................................................

.....................................................................................

.....................................................................................









പഴയ കാലത്ത് യാത്ര ചെയ്യാൻ ഉപയോഗിച്ചിരുന്ന
മറ്റു വാഹനങ്ങൾ ഏതൊക്കെ?

- കാളവണ്ടി
- ....................................................................................
- ....................................................................................
- ....................................................................................




പുഴവെള്ളത്തെ കീറിമുറിച്ചുകൊണ്ട് തോണി മുന്നോട്ടു നീങ്ങി. ഫസീല തോണിയിൽ ഇരുന്ന് ചുറ്റുപാടും നോക്കി. കലങ്ങി മറിഞ്ഞ് ഒഴുകുന്ന പുഴ. ഫസീലയ്ക്ക് പേടി തോന്നി. ആദ്യമായി തോണിയിൽ കയറുകയാണ് അവൾ.



ബാപ്പയും ഉമ്മയും ഒപ്പമുണ്ട്. ഉമ്മയുടെ വീട്ടിലേക്കുള്ള യാത്രയാണ്. തോണിക്കാരൻ വലിയൊരു മുളവടി വെള്ളത്തിൽ ഊന്നി തോണി തുഴയുകയാണ്. ചാഞ്ഞും ചരിഞ്ഞും തോണി മുന്നോട്ടു നീങ്ങുന്നു.



ഫസീല തോണിയുടെ വശങ്ങളിൽ മുറുകെ പിടിച്ചു. പിന്നോട്ടു നോക്കിയപ്പോൾ തന്റെ വീടും നാടും ദൂരെയായി കണ്ടു.

"ഈ കടത്തുതോണി ഇനി അധികനാൾ കാണില്ല"

"അതെന്താ?" - ഫസീല ചോദിച്ചു.

"അതേയ്... ഇവിടെ ഒരു പാലം വരാൻ പോകുന്നു" - തോണിക്കാരൻ പറഞ്ഞു.



## ചോദ്യോത്തരപ്പയറ്റ്

ചോദ്യോത്തരപ്പയറ്റ് നടത്താൻ ചോദ്യങ്ങൾ വേണം. ഉത്തരങ്ങളും അറിയണം. ചോദ്യങ്ങൾ എഴുതിനോക്കൂ.

....................................................................................................

....................................................................................................

....................................................................................................

....................................................................................................


....................................................................................................

....................................................................................................

....................................................................................................

....................................................................................................

പുഴമധ്യത്തിൽനിന്ന് കരയിലേക്ക് നോക്കിയ ഫസീല കണ്ട കാഴ്ചകൾ വർണിക്കൂ.



**പണ്ടത്തെ വാഹനങ്ങളും**
**ഇന്നത്തെ വാഹനങ്ങളും**



| പണ്ടത്തെ വാഹനങ്ങൾ | ഇന്നത്തെ വാഹനങ്ങൾ |
|---|---|
| വഞ്ചി | ........................................ |
| ........................................ | ........................................ |
| ........................................ | ........................................ |
| ........................................ | ........................................ |
| ........................................ | ........................................ |
| ........................................ | റോക്കറ്റ് |





**നിങ്ങൾ ധാരാളം യാത്ര ചെയ്തിട്ടുണ്ടാകുമല്ലോ.**
**ഒരു യാത്രയുടെ അനുഭവം എഴുതിനോക്കൂ.**

..........................................................................................
..........................................................................................
..........................................................................................
..........................................................................................
..........................................................................................
..........................................................................................
..........................................................................................
..........................................................................................
..........................................................................................
..........................................................................................
..........................................................................................
..........................................................................................

## പാടാം രസിക്കാം

കുട്ടനാടൻ പുഞ്ചയിലെ
തെയ് തെയ് തക തെയ് തെയ് തോം
കൊച്ചുപെണ്ണേ കുയിലാളേ
തിത്തിത്താ തി തെയ് തെയ്.
കൊട്ടുവേണം കുഴൽ വേണം കുരവ വേണം
ഓ തിത്തിത്താരാ തിത്തിത്തെയ്
തിത്തൈ തക തെയ് തെയ് തോം






## വായ്ത്താരികൾ ശേഖരിക്കാം


**വഞ്ചിപ്പാട്ടിന്റെ വായ്ത്താരി കേട്ടല്ലോ.**
**മറ്റ് വായ്ത്താരികൾ ശേഖരിച്ച് എഴുതൂ.**

- താനാ തന തന താനാ തന തന
  താനാ തന തന തന്തിന്നാനോ
- ..............................................................
  ..............................................................
- ..............................................................
  ..............................................................
- ..............................................................
  ..............................................................

## സൈക്കിൾ വരയ്ക്കൂ.



## നിറം കൊടുക്കൂ.



## സൈക്കിളിനെക്കുറിച്ച് ഒരു കുറിപ്പെഴുതാമോ?

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

## കടലാസുകൊണ്ട് കളിവഞ്ചിയുണ്ടാക്കി നോക്കൂ.



## എനിക്ക് കഴിയും

**വാക്കുകൾ നിർമ്മിക്കാം (ആവശ്യമായ ചിഹ്നങ്ങൾ ഉപയോഗിക്കാം)**

| | | |
|---|---|---|
| ത | വ | ട്ട |
| ര | ണ | ന്ന |
| അ | ക | പ്പ |
| പ | ണ്ട | ക്ക |

തവണ

..............................

..............................

..............................

..............................

..............................

**ഈ വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ എഴുതൂ**

- ..............................................................................
- ..............................................................................
- ..............................................................................



**സൈക്കിളും കാറും അവരവരുടെ സവിശേഷതകളെക്കുറിച്ച് മേനി പറയുകയാണ്. അവർ തമ്മിലുള്ള സംഭാഷണം എഴുതാമോ?**



സൈക്കിൾ : ..............................................................

കാർ : ..............................................................

സൈക്കിൾ : ..............................................................

കാർ : ..............................................................

## ചക്രക്കസേരയിലെ കൂട്ടുകാരി





“ചങ്ങാതിക്കുടുക്കകളേ....”

റിൻസി ഉറക്കെ വിളിച്ചു. ഹൗസിംഗ് കോളനിയിലെ കുട്ടിക്കൂട്ടം ഓടിയെത്തി. കേരളത്തിലെ പ്രളയത്തിൽ പെട്ടവർക്ക് കൈത്താങ്ങായിരുന്നു ചങ്ങാതിക്കുടുക്ക.

അവൾ ഓരോ വീട്ടിലുമെത്തി. കൂടെ കുട്ടിക്കൂട്ടവും. എല്ലാവരും സ്നേഹത്തോടെ അവർക്കു സംഭാവനകൾ നൽകി.

“അല്ലാ... നമ്മൾ ഹിമയുടെ അടുത്ത് പോയില്ലല്ലോ. അവൾ എന്നെ രാവിലെ വിളിച്ചിരുന്നതാ”- റിൻസി ഓർമ്മപ്പെടുത്തി.

“ഇപ്പോൾ തന്നെ പോകാം” കുട്ടിക്കൂട്ടം ധൃതികൂട്ടി.

ഹിമയുടെ അമ്മയാണ് വാതിൽ തുറന്നത്.

“വാ മക്കളേ. രാവിലെ മുതൽ അവൾ നിങ്ങളെ കാത്തിരിക്കുകയാണ്”

പുഞ്ചിരിച്ചുകൊണ്ട് ചക്രക്കസേരയിൽ ഹിമ വന്നു. റിൻസി ഓടിച്ചെന്ന് വീൽച്ചെയറുരുട്ടി. കൂട്ടുകാർ ഹിമയ്ക്കു ചുറ്റും കൂടി. അവൾ ഒരു പൊതി അവർക്ക് നൽകി.

“തുറന്നു നോക്കൂ. ചിത്രം വരച്ചു കിട്ടിയ പ്രതിഫലമാണ്”

ഹിമ ഹൃദ്യമായി ചിരിച്ചു.



## ഇതൾ 4

# കഥ പറയുന്ന വസ്ത്രങ്ങൾ

### ഉണ്ണിയാർച്ചയുടെ ഒരുക്കം

ആറ്റും മണമ്മേലെ ഉണ്ണിയാർച്ച അല്ലിമലർക്കാവിൽ കൂത്തു കാണാൻ പോവുകയാണ്. ഉണ്ണിയാർച്ചയുടെ ഒരുക്കം എങ്ങനെയെന്ന് നോക്കൂ.



പീലിത്തിരുമുടി കെട്ടിവച്ച്
അഞ്ജനം കൊണ്ടവൾ കണ്ണെഴുതി
കുങ്കുമം കൊണ്ടവൾ പൊട്ടുകുത്തി
കസ്തൂരി കളഭങ്ങൾ പൂശുന്നുണ്ടേ
മെയ്യാഭരണപ്പെട്ടി തുറന്നുവെച്ചു
ഏഴു കടലോടി വന്ന പട്ട്
പച്ചോലപ്പട്ട് ചുളിയും തീർത്തു.
പൂക്കുല ഞൊറിവെച്ചുടുക്കുന്നുണ്ടേ
പൊൻതോടയെടുത്ത് ചമയുന്നുണ്ടേ.



**ഉണ്ണിയാർച്ചയുടെ ചമയങ്ങളെക്കുറിച്ച് ഒരു വിവരണം എഴുതൂ**

# വസ്ത്രത്തിന്റെ കഥ



പണ്ടുപണ്ട് മൃഗങ്ങളെപ്പോലെ മനുഷ്യരും
വസ്ത്രമില്ലാതെയാണ് നടന്നിരുന്നത്.

മനുഷ്യർ ആദ്യം കണ്ടെത്തിയത് ആഹാരമാണ്.
വസ്ത്രം പിന്നീടുള്ള കണ്ടെത്തലാണ്.

ആമയ്ക്ക് പുറന്തോടുണ്ട്.
ചെമ്മരിയാടിന് രോമക്കുപ്പായമുണ്ട്.
എന്നാൽ മനുഷ്യർക്ക് ഈ സൗകര്യമില്ല.



ആദ്യകാലത്ത് ഇലകളും മരത്തൊലിയും മൃഗത്തോലും
മനുഷ്യർ വസ്ത്രത്തിനു പകരം ഉപയോഗിച്ചു.
കാലത്തിനും നാടിനും പറ്റിയ തരത്തിൽ രൂപപ്പെടുത്തി.

പിന്നീട് പരുത്തി വന്നു.
കമ്പിളി വന്നു.
പട്ടുനൂലും പോളിയെസ്റ്ററും
നൈലോണും വന്നു.

ഇങ്ങനെ തുടങ്ങിയാൽ ഒരുപാട് പറയാനുണ്ട്.

## ചിത്ര ആൽബം

വിവിധതരം വസ്ത്രങ്ങൾ ധരിച്ചിട്ടുള്ളവരുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയാറാക്കൂ.  വസ്ത്രങ്ങളുടെ പേരും എഴുതുമല്ലോ.







## വസ്ത്രം ധരിക്കാനും സമരം

"ആരാടീ നിന്നോട് മാറ് മറയ്ക്കാൻ പറഞ്ഞത്?" തമ്പുരാന്റെ ചോദ്യം കേട്ട് പെൺകുട്ടി പരുങ്ങി.

"അത് അടിയന് നാണമായത് കൊണ്ടാണ് തമ്പ്രാ"

"ഹും അഹങ്കാരി...
വലിച്ചു കീറടാ അവളുടെ മേലാട"



ഇന്ന് നമുക്ക് ഇഷ്ടപ്പെട്ട ഏത് വസ്ത്രം വേണമെങ്കിലും ധരിക്കാമല്ലോ. ആരും തടയാൻ വരില്ല. സാരിയോ ഷർട്ടോ മുണ്ടോ ചുരിദാറോ മിഡിയോ.... എന്തുമാവാം.

എന്നാൽ കുറെക്കാലം മുമ്പ് നാണം മറയ്ക്കാനുള്ള അവകാശം പോലും ഇല്ലാത്തവരുണ്ടായിരുന്നു. ഇതിനെതിരെ കേരളത്തിൽ വലിയ സമരങ്ങൾ നടന്നിട്ടുണ്ട്.



## പേരെഴുതാം

| പഴയ കാലത്തെ വസ്ത്രങ്ങൾ | ഇന്നത്തെ വസ്ത്രങ്ങൾ |
|---|---|
| | |
| | |
| | |
| | |
| | |
| | |

## എനിക്ക് കഴിയും

### കഥ എഴുതാം

**പുത്തനുടുപ്പിന്റെ മണം പിടിച്ചെത്തിയ ചിണ്ടനെലിയിൽനിന്ന് കുഞ്ഞുടുപ്പ് രക്ഷപ്പെട്ടതെങ്ങനെ?**




**കഥ എഴുതി നോക്കൂ.**
**നല്ല കഥകൾ 'പൂക്കാലം' വെബ് മാസികയിലേക്ക് അയച്ചുകൊടുക്കൂ.**



### സംഭാഷണം എഴുതാം

**അയയിൽക്കിടന്ന ടീഷർട്ടും മാസ്കും തമ്മിൽ പറഞ്ഞത് എന്തൊക്കെ? പൂരിപ്പിക്കൂ.**



ടീഷർട്ട് : നീയേതാ കുഞ്ഞേ?
മുമ്പൊന്നും കണ്ടിട്ടില്ലല്ലോ.

മാസ്ക് : ..................................................................

..................................................................

............... : ..................................................................

..................................................................

............... : ..................................................................


..................................................................

## ചിത്രം വരച്ച് പേരെഴുതാം

നിങ്ങൾക്കറിയാവുന്ന വസ്ത്രങ്ങളുടെ ചിത്രം വരയ്ക്കൂ.
അവയുടെ പേരുകളും എഴുതൂ

വായിച്ചു രസിക്കാം

ഗാന്ധിജിയും കുട്ടികളും



## വസ്ത്രമില്ലാത്തവരെയോർത്ത്

പതിവുപോലെ അന്നും കുട്ടികൾ ഗാന്ധിജിക്ക് ചുറ്റും കൂടി.

"ബാപ്പുജി ഇതെന്താ?"

ചർക്ക ചൂണ്ടിക്കാണിച്ച് അഭിരാം ചോദിച്ചു.

"ഇതാണ് ചർക്ക. നൂൽ നൂൽക്കാനുള്ളതാണ്"

"എന്തിനാണ് നൂൽനൂൽക്കുന്നത്?' അക്തർ ചോദിച്ചു

"നമുക്ക് വസ്ത്രം ധരിക്കണ്ടേ. വസ്ത്രമുണ്ടാക്കുന്നതിനുള്ള നൂല് ചർക്കയിലാണ് നൂൽക്കുന്നത്" ബാപ്പുജി പറഞ്ഞു.

"ഇതെല്ലാം ഉണ്ടായിട്ടും ബാപ്പുജി എന്താ കുപ്പായം ധരിക്കാത്തത്?" വരുൺ ചോദിച്ചു.


“ഇല്ലാഞ്ഞിട്ട്” ബാപ്പുജി പറഞ്ഞു. ബാപ്പുജി പറഞ്ഞതു കേട്ട് വരുണിന് അത്ഭുതമായി. ബാപ്പുജിക്ക് വസ്ത്രമില്ലെന്നോ!

“ഞാൻ അമ്മയോട് പറയാം. എന്റെ അമ്മ നന്നായി ഉടുപ്പ് തുന്നും. ബാപ്പുജിക്ക് ഞാൻ ഉടുപ്പ് തുന്നിച്ചു തരാം” വരുൺ പറഞ്ഞു.

“എനിക്ക് എത്ര ഉടുപ്പ് തുന്നിത്തരും” ബാപ്പുജി ചോദിച്ചു.

“എത്രയെണ്ണം വേണം?” വരുൺ.


“ഒരുപാട് ഒരുപാട് വേണം. തരുമോ?” ബാപ്പുജി.





“എന്തിനാ ഇത്രയധികം ഉടുപ്പുകൾ ബാപ്പുജീ?”

“മോനേ, ഇന്ത്യയിൽ വസ്ത്രം ധരിക്കാനില്ലാത്ത കോടിക്കണക്കിന് മനുഷ്യരുണ്ട്. അവർക്കെല്ലാം ആവശ്യത്തിന് വസ്ത്രം കിട്ടിയാൽ ഞാനും ഉടുപ്പിടാം” ബാപ്പുജി പറഞ്ഞു.



ഗാന്ധിജിയും കുട്ടികളുമായി ബന്ധപ്പെട്ട ഒരു കഥാ സന്ദർഭം നിങ്ങൾ കണ്ടെത്തി എഴുതൂ.

# ഇന്ത്യൻ ഭരണഘടനയുടെ ആമുഖം

THE CONSTITUTION OF INDIA

നമ്മൾ ഇന്ത്യയിലെ ജനങ്ങൾ,
ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,
മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി
സംവിധാനം ചെയ്യുന്നതിനും
ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും
സാമ്പത്തികവും രാഷ്ട്രീയവുമായ നീതി,
ചിന്ത, ആശയാവിഷ്കാരം, വിശ്വാസം,
മതനിഷ്ഠ, ആരാധന എന്നിവക്കുള്ള സ്വാതന്ത്ര്യം,
സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള
സമത്വംഎന്നിവ ഉറപ്പുവരുത്തുന്നതിനും
വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും
അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം
എല്ലാവരിലും വളർത്തുന്നതിനും
ദൃഢനിശ്ചയം ചെയ്തുകൊണ്ട്
നമ്മുടെ ഭരണഘടനാസഭയിൽവച്ച്
ഇന്ന്, 1949 നവംബർ ഇരുപത്തിയാറാം തീയ്യതി
ഈ ഭരണഘടനയെ അംഗീകരിക്കുകയും
നിയമമാക്കുകയും നമുക്കായിതന്നെ
സമർപ്പിക്കുകയും ചെയ്യുന്നു.

www.mm.kerala.gov.in

Malayalam Mission App.

MALAYALAM MISSION

റേഡിയോ മലയാളം
www.radiomalayalam.in

http://learnmalayalam.in/

www.pookalam.kerala.gov.in

ഭൂമിമലയാളം
വാർത്താപത്രിക

https://www.facebook.com/MalayalamMissionKerala/
https://t.me/MalayalamMissionOfficial
https://twitter.com/MMKerala
https://www.youtube.com/c/MalayalamMission
https://www.youtube.com/Malayalam Mission Radio Malayalam